## ആലപ്പുഴയിലെ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

72 (4356) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന പ്രവർത്തനങ്ങൾ/ഗവേഷണങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് എന്തെങ്കിലും ഫണ്ട് നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ആവശ്യത്തിന് കെട്ടിടങ്ങളും സ്ഥല സൗകര്യവും ഇല്ലാത്തത് ഈ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

(ഡി) പക്ഷിപ്പനിപോലുള്ള രോഗങ്ങൾ കേരളത്തിൽ പിടിപെടുന്ന സാഹചര്യത്തിൽ പക്ഷികളിലും മൃഗങ്ങളിലും രോഗം പരത്തുന്ന വൈറസുകളെ കണ്ടെത്തുന്നതിനും പരിശോധന നടത്തുന്നതിനും ആവശ്യമായ സംവിധാനം പ്രസ്തുത സ്ഥാപനത്തിൽ സജ്ജമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ഇ) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സർക്കാർ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

### ഉത്തരം

(എ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, കേരള യൂണിറ്റ്, ആലപ്പുഴയിൽ പ്രധാനമായും നാലുവിധ പ്രവർത്തനങ്ങളാണ് നടത്തുന്നത്.

1. ഡയഗ്നോസിസ്:- നാൽപ്പതിലധികം വൈറസുകളുടെ പരിശോധനയും അപഗ്രഥനങ്ങളും നടത്തുന്നു.

2. ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ:- പകർച്ചവ്യാധികൾ പടർന്ന് പിടിക്കുമ്പോൾ അതുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ ശേഖരിക്കുക. സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ നിർദ്ദേശപ്രകാരമോ അല്ലാതെയോ നടത്തുന്നു.

3. സർവയിലൻസ് സ്റ്റഡി:- ഇൻഫ്ലുവൻസാ പനി, ജപ്പാൻ ജ്വരം മുതലായ പകർച്ചവ്യാധികളേയും അവ പരത്തുന്ന വെക്ടറുകളുടേയും നിരീക്ഷണ പഠനങ്ങൾ നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. ബേസിക് റിസർച്ച്:- മനുഷ്യനെ ബാധിക്കുന്ന വിവിധ വൈറസുകളെ ക്കുറിച്ചുള്ള അടിസ്ഥാന പഠനങ്ങൾ നടത്തുന്നു.

(ബി) ദൈനംദിന പ്രവർത്തനങ്ങൾക്കായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, പൂനെ നൽകുന്ന ഫണ്ടും ഡയഗ്നോസിസ്, സർവ്വയിലൻസ് സ്റ്റഡി, ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ എന്നിവയ്ക്കായി ഐ.സി.എം.ആർ. (ICMR) നൽകുന്ന ഫണ്ടുകളുമാണ് പ്രയോജനപ്പെടുത്തുന്നത്.

(സി) നിലവിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, കേരളാ യൂണിറ്റ് പ്രവർത്തിക്കുന്നത് വണ്ടാനം TDMC ആശുപത്രി നൽകിയിട്ടുള്ള പരിമിതമായ സ്ഥലത്താണ്. സ്ഥലപരിമിതി പഠനങ്ങളേയും പരിശോധനകളേയും അതുപോലെ മറ്റ് ഗവേഷണ പ്രവർത്തനങ്ങളേയും മന്നായി ബാധിക്കുന്നുണ്ട്. ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം പരിഗണിച്ചിട്ടില്ല.

(ഡി) ഇപ്പോൾ ഈ സ്ഥാപനം ഒരു BSL-2 (ബയോ സേഫ്റ്റി ലെവൽ-2) ലാബാണ്. ഇത് BSL-3 നിലവാരമാക്കി ഉയർത്തുകയാണെങ്കിൽ പക്ഷികളിലും മൃഗങ്ങളിലും രോഗം പരത്തുന്ന വൈറസുകളെ കണ്ടെത്തുവാനും പരിശോധനകൾ നടത്തുവാനും ഒപ്പം പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഗവേഷണങ്ങൾ നടത്തുവാനും സാധിക്കും. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

(ഇ) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സർക്കാർ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കൊച്ചിയിൽ കാൻസർ സെന്റർ സ്ഥാപിക്കാൻ നടപടി**

73 (4357) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ഒരു പുതിയ കാൻസർ ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്;

(ബി) പുതുതായി കാൻസർ സെന്റർ തുടങ്ങുന്നതിന് എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു;

(സി) എന്തെല്ലാം തരം ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) മദ്ധ്യകേരളത്തിന് പുറമെ, ലക്ഷദ്വീപ് പ്രദേശത്തുള്ളവർക്കു കൂടി പ്രയോജനപ്പെടാനിടയുള്ള പദ്ധതി എന്ന നിലയിൽ ഇതിന് കേന്ദ്രസർക്കാരിൽനിന്നുള്ള പ്രത്യേക സഹായം പ്രതീക്ഷിക്കുന്നുണ്ടോ; ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY.ARCHIVES Kerala Legislative Assembly